**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2602** **04-03-2025 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പന്നങ്ങൾ സംഭരിച്ച വകയിൽ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ ഉല്പന്നങ്ങൾ സംഭരിച്ച വകയിൽ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ചെറുകിട കയർ ഫാക്ടറികൾ ഉൾപ്പെടെയുള്ളവയ്ക്ക് നൽകുവാനുള്ള കുടിശിക തുകയുടെ വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത കുടിശിക തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപറേഷൻ കയർ ഉല്പന്നങ്ങൾ സംഭരിച്ച വകയിൽ 2024-2025 കാലയളവിൽ ചെറുകിട കയർ സംഘങ്ങൾക്കും, മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും 110.47 കോടി രൂപ നൽകിയിട്ടുണ്ട്. ബാലൻസ് തുക 13.17 കോടി രൂപ നൽകുവാനുണ്ട്.<br><br>ക്രയവിലസ്ഥിരതാ പദ്ധതി വഴി ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 2 മാസം ക്രെഡിറ്റ് നൽകിവരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്യുന്ന കയർഭൂവസ്ത്രത്തിന്റെ വില പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്നതിന് 6 മാസം വരെ കാലതാമസം നേരിടുന്നുണ്ട്. നിലവിൽ 25 കോടിയോളം രൂപ ലഭ്യമാകാനുണ്ട്. ടി സാഹചര്യങ്ങൾ കൊണ്ടാണ് ഉൽപന്ന വില നൽകുന്നതിന് കാലതാമസം നേരിടുന്നത്. എന്നിരുന്നാലും എല്ലാ ആഴ്ചയിലും ചെറുകിട കയർ സംഘങ്ങൾക്കും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും നൽകുവാനുള്ള തുകയുടെ ഒരുവിഹിതം കയർ കോർപ്പറേഷൻ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ